**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. പ്രേംകുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാറില്ലെന്ന പ്രശ്നം പരിഹരിക്കാനായി ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിബന്ധനകൾ കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർമാർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവൃത്തികൾ നടത്തുകയും നിശ്ചിത പുരോഗതി കൈവരിക്കാത്ത പക്ഷം കരാറുകാരന് നോട്ടീസ് നൽകി പൊതുമരാമത്ത് മാന്വൽ, കരാർ നിബന്ധനകൾ എന്നിവ പ്രകാരമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മതിയായ കാരണങ്ങൾ ഇല്ലാതെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടിയാനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും എസ്.ബി.ഡി/ പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കാലതാമസം ഒഴിവാക്കാനായി സ്ഥല ലഭ്യത ഉറപ്പാക്കിയതിന് ശേഷം മാത്രമാണ് സാങ്കേതികാനുമതി നൽകി ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി RoW Portal ൽ ആരംഭിക്കാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതുകൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇൻഫ്രാസ്ക്ച്ചർ കോഡിനേഷൻ കമ്മിറ്റികൾ നിലവിൽ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതാത് ജില്ലകളിലെ പൊതുമരാമത്ത്പ്രവൃത്തികളുടെ അവലോകനം നടത്താറുമുണ്ട്. പൊതുമരാമത്ത് വകുപ്പിലും മറ്റു വിഭാഗങ്ങളിലെ പ്രവൃത്തികളുമായി (Electrical & Electronics) ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി കെട്ടിട വിഭാഗത്തിനു കീഴിൽ Composite tender നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഉദ്യോഗസ്ഥരോടൊപ്പം മരാമത്ത് പ്രവൃത്തികളിൽ എം.എൽ.എ.മാരുടെ കൂടി മേൽനോട്ടം സാധ്യമാക്കുന്ന തരത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇൻഫ്രാസ്ക്ച്ചർ കോഡിനേഷൻ കമ്മിറ്റി നിലവിൽ രൂപീകരിച്ചിട്ടുള്ളതും ആയതിൽ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളുടെ അവലോകനം നടത്താറുമുണ്ട്. പ്രവൃത്തികളിൽ ബന്ധപ്പെട്ട എം.എൽ.എ മാരുടെ അഭിപ്രായങ്ങൾ തേടുന്നതിനും അവരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | പ്രവൃത്തികൾ അഴിമതിരഹിതമാക്കുന്നതിനും ഗുണനിലവാരം നിറവേറ്റപ്പെടുന്നുവെന്നുറപ്പാക്കുന്നതിനും കൂടി എം.എൽ.എ.മാരെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | പ്രവൃത്തികൾ അഴിമതി രഹിതമാക്കുന്നതിനും ഗുണനിലവാരം നിറവേറ്റപ്പെടുന്നുവെന്നുറപ്പാക്കുന്നതിനും വേണ്ടി പൊതുമരാമത്ത് വകുപ്പിൽ ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചുകൊണ്ട് 05.01.2018-ൽ സ.ഉ(കൈ)നം.01/2018/പൊ.മ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി ബന്ധപ്പെട്ട എം.എൽ.എമാരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ